# അലീഗഢ് മുസ്‌ലിം യൂണിവേഴ്സിറ്റി, മലപ്പുറം കേന്ദ്രം

**MPMC/139/ 29B/ 2017 നമ്പറായി 06.03.2017 ന് പ്രസിദ്ധപ്പെടുത്തിയ ടെണ്ടർ/ലേല വിജ്ഞാപനത്തിൽ സൂചിപ്പിച്ച നിബന്ധനങ്ങൾ**

## തെങ്ങ് ടെണ്ടർ/ലേല നിബന്ധനകൾ

1. അലീഗഢ് മുസ്‌ലിം യൂണിവേഴ്സിറ്റിയുടെ ഉടമസ്ഥതയിലുള്ള ചേലാമല ക്യാമ്പസിനകത്ത് ഏകദേശം 850 (കൃത്യമായ എണ്ണം ടെണ്ടർ ലേലത്തിൽ പങ്കെടുക്കുന്നവർ സ്വന്തം നിലയിൽ നേരിൽ കണ്ട് ഉറപ്പ് വരുത്തേണ്ടതാണ്.) തെങ്ങുകളിൽ നിന്നും നാളികേരം ശേഖരിക്കുന്നതിനുള്ള ഒരു വർഷത്തേക്കുള്ള അവകാശമാണ് ടെണ്ടർ/ലേലം നടത്തുന്നത്.
2. പരസ്യ ലേലം/ടെണ്ടർ മുഖേന ഏറ്റവും കൂടുതൽ തുകക്ക് ടെണ്ടർ/ലേലം കൊള്ളുന്ന ആളുടെ പേരിൽ നിബന്ധനകൾക്ക് വിധേയമായി ടെണ്ടർ/ലേലം ഉറപ്പിക്കുന്നതാണ്.
3. ഒരു വർഷ കാലാവധി 2017 മാർച്ച് 28 മുതൽ 2018 മാർച്ച് 27 വരെ എന്ന് നിജപ്പെടുത്തിയിരിക്കുന്നു.
4. ടെണ്ടർ/ലേലത്തിൽ പങ്കെടുക്കുന്നവർ ഫോട്ടോ പതിച്ച ഏതെങ്കിലും അംഗീകൃത തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്.
5. ടെണ്ടറുകൾ വെള്ള കടലാസിൽ തയ്യാറാക്കി സീൽ ചെയ്ത കവറുകളിൽ 23.03.2017 ന് ഉച്ചക്ക് ഒരു മണിവരെ നിരതദ്രവ്യം സഹിതം 'ഡയറക്ടർ, അലീഗഢ് മുസ്‌ലിം യൂണിവേഴ്സിറ്റി മലപ്പുറം സെന്റർ' എന്ന വിലാസത്തിൽ ഓഫീസിൽ ലഭിക്കേണ്ടതാണ്. കവറിന് പുറത്ത് 'തെങ്ങ് ടെണ്ടർ-മേലാദായം' എന്ന് കാണിക്കുക.
6. ലേലത്തിന് പ്രത്യേകം തയ്യാറാക്കിയ ഫോം ഓഫീസിൽ നിന്നും ലഭ്യമാണ്.
7. ടെണ്ടർ/ലേല നടപടികളിൽ പങ്കെടുക്കുന്നതിന് 5000/- രൂപ നിരതദ്രവ്യം പെരിന്തൽമണ്ണയിൽ മാറാവുന്ന ദേശസാൽകൃത ബാങ്കിൽ നിന്നുള്ള ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്. ടെണ്ടറിനോടൊപ്പം നിരതദ്രവ്യം അടച്ചവർക്ക് ലേലത്തിൽ പങ്കെടുക്കുവാൻ നിരതദ്രവ്യം വീണ്ടും അടക്കേണ്ടതില്ല.
8. പ്രസ്തുത നിരതദ്രവ്യം അടവാക്കിയ ഡിമാന്റ് ഡ്രാഫ്റ്റിന്റെ കോപ്പി കവറിന് പുറത്ത് പതിച്ചിരിക്കേണ്ടതാണ്.
9. എളുപ്പത്തിലും സൗകര്യപ്രദമായും ലേലം നടത്തുന്നതിന് ചുരുങ്ങിയത് 1000 രൂപയുടെ വർദ്ധന തോതിൽ ലേലം നടത്തുന്നതാണ്.
10. 2017 മാർച്ച് 27 ന് വൈകീട്ട് 3 മണിക്ക് ലേലം നടത്തുകയും അതിനുശേഷം ടെണ്ടറുകൾ തുറക്കുന്നതും ആയിരിക്കും. ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ/വിളിച്ച വ്യക്തിയുടെ പേരിൽ സെന്റർ ഡയറക്ടർക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം ടെണ്ടർ/ലേലം സ്ഥിരപ്പെടുത്തുന്നതാണ്.
11. ഇപ്രകാരം ടെണ്ടർ/ലേലം ഉറപ്പിച്ചുകിട്ടുന്ന ആൾ ലേലം ഉറപ്പിച്ചയുടൻ തന്നെ 100 രൂപയുടെ മുദ്രപത്രത്തിൽ ഒരു കരാർ എഴുതി നല്കുകയും ടെണ്ടർ/ലേല തുക മുഴുവനായും 28.03.2017 പകൽ 5 മണിക്ക് മുമ്പായി അടക്കേണ്ടതുമാണ്. ബാക്കിയുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞ് മടക്കികൊടുക്കുന്നതാണ്.
12. നിരതദ്രവ്യം അടക്കം, എല്ലാ പണമിടപാടുകളും സെന്റർ ഡയറക്ടറുടെ പേരിൽ പെരിന്തൽമണ്ണയിൽ മാറ്റാവുന്ന ദേശസാൽകൃത ബാങ്കിൽ നിന്നുള്ള ഡിമാന്റ് ഡ്രാഫ്റ്റ് പ്രകാരം ആയിരിക്കേണ്ടതാണ്.
13. ലേലം ഉറപ്പിച്ചയാളുടെ പേരിൽ മാത്രമാണ് കരാറും സാമ്പത്തിക ഇടപാടുകളും അനുവദിക്കുക.
14. വിളവെടുപ്പ് സമയത്ത് മരങ്ങൾ ഉൾപ്പെടെയുള്ള സർവ്വകലാശാലയുടെ വസ്തു വഹകൾക്ക് യാതൊരു വിധത്തിലുള്ള കേടുപാടുകളും സംഭവിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
15. വിളവെടുപ്പിലും അനുബന്ധ പ്രവർത്തികളിലും ഏർപ്പെടുന്നവർ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്ക് യാതൊരു വിധത്തിലുള്ള തടസ്സവും സൃഷ്ടിക്കാൻ അനുവദിക്കുന്നതല്ല.
16. വിളകളുടെ സംരക്ഷണത്തിന് ആവശ്യമായ വളപ്രയോഗം ഉൾപ്പെടെയുള്ള പ്രവർത്തികൾ ഇക്കാലയളവിൽ കരാറുകാരൻ നടത്തേണ്ടതാണ്. ഉത്തേജക മരുന്നുകൾ പ്രയോഗിക്കുവാൻ പാടുള്ളതല്ല.
17. വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ച് മരങ്ങൾക്ക് കേടുപാടുകൾ വരുത്തിയാൽ മറ്റൊരു മുന്നറിയിപ്പില്ലാതെ, നഷ്ടപരിഹാരം ഈടാക്കി കരാർ റദ്ദാക്കാൻ ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
18. ഏതെങ്കിലും കാരണം കൊണ്ട് മേൽ സൂചിപ്പിച്ച ദിവസം ടെണ്ടർ/ലേല നടപടികൾ പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സ്ഥലത്തും സമയത്തും നടപടികൾ നടത്തുന്നതാണ്.
19. ലേലം കൊണ്ട കശുമാവുകൾ ഒറ്റക്കായോ കൂട്ടായോ ലേല കാലയളവിനുള്ളിൽ യൂണിവേഴ്സിറ്റിയുടെ നിർമ്മാണ പ്രവർത്തികൾക്കോ അല്ലാതെയോ ആവശ്യമായി വന്നാൽ അവശേഷിക്കുന്ന ലേല കാലയളവ് കണക്കിലെടുത്ത് കൊണ്ട് ആനുപാതികമായ തുക നൽകി ലേല കരാർ നടപടികൾ അവസാനിപ്പിക്കാൻ സെന്റർ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
20. ടെണ്ടർ/ലേലം നിരാകരിക്കാനും നിർത്തിവെക്കാനുമുള്ള പൂർണ്ണ അധികാരം ഡയറക്ടറിൽ നിക്ഷിപ്തമാണ്.

ഒപ്പ്,

Aligarh Muslim University Malappuram Centre
Date


ഡയറക്ടർ,
അലീഗഢ് മുസ്‌ലിം യൂണിവേഴ്സിറ്റി,
മലപ്പുറം കേന്ദ്രം
ഫോൺ : 04933298299 (ഓഫീസ്)
Email: director.amumc@gmail

എ.എം.യു. കാമ്പസ്
ചെറുകര


നിബന്ധനകളുടെ കോപ്പി ഓഫീസിൽ ലഭ്യമാണ്.

DIRECTOR
ALIGARH MUSLIM UNIVERSITY
MALAPPURAM CENTRE